**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 19** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ കേരളം വിലക്കയറ്റ സൂചികകളിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് ആയിരുന്നതിനാൽ ജനങ്ങൾ വലിയ പ്രതിസന്ധി നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ഫലപ്രദമായ വിപണി ഇടപെടലിനായി കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾക്കും മറ്റ് അവശ്യവസ്തുക്കൾക്കും വേണ്ടി ഉൽപാദക സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഒരു ഉപഭോക്തൃസംസ്ഥാനമാണ് കേരളം. ഡീസലിനും പെട്രോളിനും ഉണ്ടാകുന്ന അടിക്കടിയുള്ള വിലവർദ്ധന ഗതാഗതച്ചെലവ് വലിയ തോതിൽ ഉയർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന വിലകൾ ഉണ്ടാകാൻ സാധ്യത കേരളത്തിലാണ്. ഇന്ധനവില വർധനവ്, ഉൽപ്പാദക സംസ്ഥാനങ്ങളിലെ വരൾച്ച, പ്രളയം, വിളനാശം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാകാറുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അവശ്യസാധനങ്ങളുടെ ലഭ്യത കുറവ് പ്രതിസന്ധി സൃഷ്ടിച്ചു. വിപണി ഇടപെടലിന് പ്രധാന ഏജൻസിയായ സപ്ലൈകോയ്ക്ക് കഴിഞ്ഞ കാലങ്ങളിലുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള നടപടി സ്വീകരിക്കും.

വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, വിപണി ഇടപെടൽ നടത്തുന്നതിന്, 315 കോടി രൂപ സപ്ലൈകോയ്ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം അവശ്യസാധനങ്ങൾ 20–35% വരെ വിലക്കുറവിൽ വിതരണം ചെയ്ത് പ്രതിമാസം 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നു. കൂടാതെ 41 ഇനം സാധനങ്ങൾ 10–30% വരെ വിലക്കുറവിൽ (FSSR നിരക്കിൽ) റേഷൻ കാർഡ് ഇല്ലാതെയും ലഭ്യമാക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുന്ന രീതിയിൽ സപ്ലൈകോ വിൽപനശാലകൾ നവീകരിക്കും. ഈ വർഷം 100 സപ്ലൈകോ വിൽപനശാലകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം പൊതുവിപണിയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു. 'ശബരി' ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കും. സപ്ലൈകൊയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ERP, e-Office സംവിധാനങ്ങൾ നടപ്പിലാക്കുകയും ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. സപ്ലൈകോ

മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നു. ഇൻസുലിൻ MRP യിൽ നിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു മരുന്നുകൾ MRP യിൽ നിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. ഓരോ പ്രദേശത്തെയും ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 1,622 വിൽപനശാലകളും, തീരദേശ/മലയോര/ആദിവാസി മേഖലകളിൽ സേവനം എത്തിക്കുന്നതിനായി 16 മൊബൈൽ സൂപ്പർ മാർക്കറ്റുകളും/മാവേലി സ്റ്റോറുകളും വഴി കാര്യക്ഷമമായ വിതരണം ഉറപ്പുവരുത്തുന്നുണ്ട്.

പച്ചക്കറിയും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് തടയുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കും. ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തും. വകുപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ വിപണിയിൽ പരിശോധന നടത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കും. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ല കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്ത് വരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു Price Monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു.

**(ബി)** വിലക്കയറ്റം പ്രതിരോധിക്കുന്നതിനും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**മറുപടി:** സപ്ലൈകോ സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ ഉൾപ്പടെ അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. NFSA പ്രകാരമുള്ള റേഷൻ വിതരണം കൃത്യതയിൽ നടപ്പിലാക്കും. കൂടുതൽ അരി OMSS പദ്ധതി വഴി ലഭ്യമാക്കാനായി കേന്ദ്ര സർക്കാരിനോട് ആവശ്യപെട്ടിട്ടുണ്ട്. വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേട്ടകൾക്കെതിരെ നടപടി സ്വീകരിക്കും. ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താറുണ്ട്. വകുപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ വിപണിയിൽ പരിശോധന നടത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ല കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്ത് വരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും,

വില ശേഖരണത്തിനും വേണ്ടി ഒരു Price Monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു.

**(സി)** ഇന്ധന പ്രതിസന്ധിയുടെ സാഹചര്യത്തിൽ റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണം തടസ്സപ്പെടാതിരിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഇന്ധന പ്രതിസന്ധിയുടെ സാഹചര്യത്തിൽ റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണം തടസ്സപ്പെടാതിരിക്കാനും അർഹരായവർക്ക് മണ്ണെണ്ണ ലഭ്യമാക്കാനും ഇതിനോടകം നടപടി സ്വികരിച്ചിട്ടുള്ളതും ആയത് പ്രകാരം 2026 മാർച്ച് മാസത്തിൽ Adhoc ഇനത്തിൽ 1716 KL മണ്ണെണ്ണയും 2026-27 സാമ്പത്തിക വർഷത്തിൽ ഒന്നാം പാദത്തിൽ 4068 KL മണ്ണെണ്ണയും സഹിതം ആകെ ഈ സാഹചര്യത്തിൽ 5784 KL മണ്ണെണ്ണ ലഭ്യമായിരുന്നു. ആയതിൽ 5760 KL മണ്ണെണ്ണ 15.06.2026 വരെ വിട്ടെടുത്ത് വിതരണം സുഗമമായി നടന്നുവരുന്നുണ്ട്. മാത്രവുമല്ല ഇന്ധന പ്രതിസന്ധി ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് അധിക വിഹിതമായി 5496 KL മണ്ണെണ്ണ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപെട്ടിട്ടുണ്ടെങ്കിലും ആയത് അനുവദിച്ച് ലഭിച്ചിട്ടില്ലാത്തതുമാണ്.

**സെക്ഷൻ ഓഫീസർ**